


Vol. 2, Issue No. 11 JUBILEE MISSION MEDICAL COLLEGE & RESEARCH INSTITUTE OCTOBER 2016

## മതസൗഹാർദ്ദസന്ദേശവുമായി ജൂബിലി മിഷന്റെ ഓണനിലാവ്



**മ**തസൗഹാർദ്ദസന്ദേശവുമായി, സംഘടിപ്പിച്ച 'ഓണനിലാവ്' 2016 ഹൃദ്യമായി. അതിരൂപത സഹായ മെത്രാൻ മാർ റാഫേൽ തട്ടിലും പുറനാട്ടുകര ശ്രീരാമകൃഷ്ണ ആശ്രമാദ്ധ്യക്ഷൻ സ്വാമി സദ്ഭവാനന്ദയും ഒരുമിച്ച് ഓണാഘോഷത്തിന്റെ തിരിതെളിയിച്ചു. ജൂബിലി മിഷന്റെ സമൂഹികപ്രവർത്തനങ്ങൾക്ക് ഫെഡറൽ ബാങ്ക്, ഒരു ആംബുലൻസ് ഓണസമ്മാനമായി നൽകി. ഓണാഘോഷത്തിലേയ്ക്ക് കാളത്തോട് ജുമാമസ്ജിദിലെ മൗലവി ഷാഹുൽ ഹമീദ് ഖാസ്മി ആശംസകളുമായി കടന്നുവന്നത് ജൂബിലിയുടെ മതസൗഹാർദ്ദ കൂട്ടായ്മയ്ക്ക് ഇരട്ടിമധുരമായി.

## മദർ തെരേസ സ്മരണയിൽ ജൂബിലി മിഷൻ : സമർപ്പിതസംഗമവും ത്രിദിന സൗജന്യ ഡയാലിസിസും



**കാ**രുണ്യത്തിന്റെയും ശുശ്രൂഷയുടേയും ആൾരൂപമായി നമുക്കിടയിൽ വസിച്ച് വിശുദ്ധഗണത്തിലേക്ക് ഉയർത്തപ്പെട്ട മദർ തെരേസയുടെ സ്മരണയിൽ പാവങ്ങളുടെ ആശുപത്രിയായ തൃശ്ശൂർ ജൂബിലി മിഷൻ ആശുപത്രിയിൽ ആതുരശുശ്രൂഷയ്ക്കായ് സ്വജീവിതം സമർപ്പിച്ച ജൂബിലി മിഷന്റെ എല്ലാ സമർപ്പിതരുടേയും സംഗമം നടന്നു. ജൂബിലി മിഷൻ ഡയറക്ടർ ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത്, മുൻ ഡയറക്ടർമാരായ റവ. ഫാ. ഡോ. ഫ്രാൻസിസ് ആലപ്പാട്ട്, റവ. ഫാ. റാഫേൽ വടക്കൻ എന്നിവരാണ് നേതൃത്വം നൽകിയത്.

മദറിന്റെ വിശുദ്ധപദ പ്രഖ്യാപനത്തോടനുബന്ധിച്ച് ആശുപത്രിയിൽ മൂന്ന് ദിവസം സമ്പൂർണ്ണ സൗജന്യ ഡയാ ലിസിസ് നടന്നു. വി. അന്തോണീസിന്റെ ജന്മദിനസമ്മാനമായി തൃശ്ശൂർ സേക്രഡ് ഹാർട്ട് ലത്തീൻ പള്ളിയാണ് ഡയാലിസിസിന് ആവശ്യമായ തുക സംഭാവന ചെയ്തത്.

## ജൂബിലി മിഷനാശുപത്രിയിൽ ലോകഹൃദയദിനാചരണം




**2016** സെപ്റ്റംബർ 29 - ലോകഹൃദയദിനം ജൂബിലി മിഷൻ ആശുപത്രിയിൽ മൂന്നാഴ്ച്ചത്തെ ആഘോഷമായി. ഹൃദയത്തെ ശക്തിപ്പെടുത്തുക എന്ന സന്ദേശം ലോകത്തിന് നൽകുവാനായി, തൃശ്ശൂർ ടൗൺ ഈസ്റ്റ് സ്റ്റേഷനിലെ എല്ലാ പോലീസുകാർക്കും സെപ്റ്റംബർ 23 മുതൽ 27 വരെ സൗജന്യമായി ഹൃദയപരിശോധനയും, രക്തസമ്മർദ്ദ നിർണ്ണയവും, പൊതുജനങ്ങൾക്കായി ഒക്ടോബർ 2, 9 തീയ്യതികളിൽ രക്തസമ്മർദ്ദ പരിശോധനയും, സൗജന്യ ഹൃദ്രോഗ നിർണ്ണയക്യാമ്പും നടത്തി. സെപ്റ്റംബർ 25 - ന് ആരോഗ്യമുള്ള ഹൃദയം എന്ന വിഷയം ആസ്പദമാക്കി സെൽഫി മത്സരവും നടന്നു. നിലയ്ക്കാത്ത സ്പന്ദനത്തിന് നീളുന്ന കാലടികൾ എന്നുറക്കെപറഞ്ഞ് സെപ്റ്റംബർ 27 - ന്ജൂബിലി ഹാർട്ട് വാക്ക് നടന്നു. സെപ്റ്റംബർ 28 - ന് 80 ശതമാനം ഹൃദ്രോഗങ്ങളും നിയന്ത്രിക്കാനാവും എന്ന സന്ദേശം നൽകി ഫ്ളാഷ് മോബും, സ്ട്രീറ്റ് പ്ലേയും നടന്നു. സെപ്റ്റംബർ 28 മുതൽ ഒക്ടോബർ 1 വരെ തൃശ്ശൂർ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാന്റ്, റെയിൽവെ സ്റ്റേഷൻ, ജൂബിലി മിഷൻ ആശുപത്രി എന്നീ സ്ഥലങ്ങളിലായി സൗജന്യമായി രക്തസമ്മർദ്ദ നിർണ്ണയം നടത്തി. ദിവാൻജി മൂലയിൽ പാവപ്പെട്ടവർക്കായി ഹൃദ്രോഗ ക്യാമ്പ് നടത്തി.

ലോകഹൃദയദിനത്തിൽ ജൂബിലി ആശുപത്രിയ്ക്ക് പറയാനുള്ളത് "ചിട്ടയായ ജീവിതചര്യയിലൂടേയും, വ്യായാമത്തിലൂടേയും, ഭക്ഷണക്രമത്തിലൂടേയും ഹൃദ്രോഗങ്ങളെ നമുക്ക് തടയാനാകും" എന്നതാണ്.

## അഭിനന്ദനങ്ങൾ

**ഓ**ണാഘോഷത്തിന്റെ ഭാഗമായി ബ്ലോക്ക്തലത്തിൽ നടന്ന പൂക്കള മത്സര വിജയികൾക്കുള്ള സമ്മാന ദാനം മെഡിക്കൽ സൂപ്രണ്ട് ഡോ. ആൻഡ്രൂസ് കാക്കനാട്ട് നിർവ്വഹിച്ചു. എല്ലാ വിജയികൾക്കും അഭിനന്ദനങ്ങൾ.




Ist Prize - ഓൾഡ് ബ്ലോക്ക് - 1 IInd Prize - ഗോൾഡൻ ജൂബിലി ബ്ലോക്ക്
IIIrd Prize - ഓൾഡ് ബ്ലോക്ക് - 2
ഹൃദയാലയ ബ്ലോക്ക്, സെന്റ് തോമസ് ബ്ലോക്ക് എന്നിവർ പ്രോത്സാഹന സമ്മാനവും നേടി.



# ഹൃദ്രോഗ വിഭാഗം

**ജൂ**ബിലി മിഷൻ ആശുപത്രി മെഡിക്കൽ കോളേജ് ആകുന്നതിന് മുൻപുതന്നെ 1998-ൽ ഹൃദ്രോഗ വിഭാഗം ആരംഭിച്ചു. നെഫ്രോളജിയുമായി പങ്കിട്ടിരുന്ന ഒരു വാർഡും, റേഡിയോളജി വിഭാഗവുമായി പങ്കിട്ടിരുന്ന ഒരു അൾട്രാസൗണ്ട് യന്ത്രവും ആറ് കിടക്കകളുള്ള ഒരു ഐ.സി.യു-വുമായാണ് ഈ വിഭാഗം തുടങ്ങിയത്. വളരെ ചുരുങ്ങിയ സമയംകൊണ്ടുതന്നെ തൃശ്ശൂരിൽ ഏറ്റവും അധികം രോഗികൾ വരുന്ന ഒരു സെന്ററായി വളർന്നു.

ജൂബിലി മിഷൻ മെഡിക്കൽ കോളേജ് 2003-ൽ നിലവിൽ വന്നപ്പോൾ ഹൃദ്രോഗവിഭാഗവും ഇതിന്റെ ഭാഗമായി. ഇന്നത്തെ ഹൃദയാലയ 2010-ൽ ആണ് ആരംഭിച്ചത്. മികച്ച സൗകര്യങ്ങളോടെ രോഗികൾക്ക് കുറഞ്ഞ ചിലവിൽ കാര്യക്ഷമമായ ചികിത്സ നൽകുന്നതിനുള്ള സംവിധാനങ്ങൾ നിലവിൽ വന്നതോടുകൂടി ഹൃദയശ്സ്ത്രക്രിയാ വിഭാഗവും ആരംഭിച്ചു.

നാല് ഹൃദ്രോഗവിദഗ്ധർ ഉള്ളതിനാൽ 24 മണിക്കൂറും വിദഗ്ധപരിചരണം ഉറപ്പാക്കാൻ സാധിക്കുന്നുണ്ട്. ആൻജിയോഗ്രാം, ആൻജിയോപ്ലാസ്റ്റി എന്നിവയ്ക്ക് പുറമെ അത്യാധുനിക സംവിധാനങ്ങളായ FFR, IUVS മുതലായ പരിശോധനകളും ഇവിടെ ചെയ്യുന്നുണ്ട്. സാധാരണ പേസ് മേക്കറിനു പുറമെ, ICD, CRT, CRTD മുതലായ സങ്കീർണ്ണ പേസ്മേക്കറുകളും ഘടിപ്പിക്കുന്നുണ്ട്, ഹോൾട്ടർ മോണിറ്ററിങ്ങ് സിസ്റ്റം (24 മണിക്കൂർ ECG പരിശോധിക്കുന്നു.), ABP സിസ്റ്റം (24 മണിക്കൂർ BP പരിശോധിക്കുന്നു) എന്നിവ ഇവിടെയുണ്ട്. ഇക്കാലത്തെ ഏറ്റവും മികച്ച നാല് Echo Doppler യന്ത്രങ്ങളും ഈ വിഭാഗത്തിലുണ്ട്. Tissue Doppler, 3D, TEE മുതലായ സൗകര്യങ്ങളുള്ള എക്കോ മെഷീൻ ഉണ്ട്. ഇത് ഐ.സി.യു-വിലെ ആവശ്യങ്ങൾക്ക് മാത്രമായിട്ടാണ്.

ഒരു സർജനും, ഒരു anaesthetistഉം ഒരു യൂണിറ്റായി തുടങ്ങിയ ശസ്ത്രക്രിയാ വിഭാഗം ഇപ്പോൾ രണ്ട് യൂണിറ്റുകളായി വർദ്ധിച്ചിരിക്കുന്നു. വാൽവ് മാറ്റിവെയ്ക്കൽ, CABG (on pump and off pump) തുടങ്ങിയ ഹൃദയ ശസ്ത്രക്രിയകൾക്ക് പുറമെ ശ്വാസകോശ ശസ്ത്രക്രിയയും, വാസ്കുലർ ശസ്ത്രക്രിയയും ഇവിടെ ചെയ്യുന്നുണ്ട്. ഞങ്ങളുടെ അടുത്ത ലക്ഷ്യം ഹൃദയം മാറ്റിവെയ്ക്കൽ ശസ്ത്രക്രിയയാണ്.

ഈ വിഭാഗത്തിന്റെ അക്കാദമിക മികവിന്റെ അനന്തരഫലമായി മൂന്ന് വർഷം മുമ്പ് MCI (Medical Council of India), KUHS (Kerala University of Health Sciences) ഉം DM സൂപ്പർസ്പെഷ്യാലിറ്റി കാർഡിയോളജി ഈ ഡിപ്പാർട്ട്മെന്റിലേക്ക് അനുവദിച്ചു. ശസ്ത്രക്രിയ വിഭാഗത്തിലേയ്ക്കും സൂപ്പർ സ്പെഷ്യാലിറ്റി കോഴ്സ് തുടങ്ങുന്നതിനുള്ള ശ്രമങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. ഏറ്റവും കുറഞ്ഞ ചിലവിലൂടെ രോഗികൾക്ക് ഏറ്റവും കാര്യക്ഷമവും, അത്യാധുനികവുമായ ചികിത്സ കൊടുക്കുക എന്നതാണ് ഞങ്ങളുടെ ലക്ഷ്യം.

**ഡോ. ടി. ഗോവിന്ദനുണ്ണി**
HOD & Medical Director
ജൂബിലി ഹൃദയാലയ

## *Editor's Desk*

*സ്നേഹമുള്ളവരേ,*

എല്ലാ വർഷവും ഒക്ടോബർ 2-ാം തിയതി നമ്മുടെ രാഷ്ട്രപിതാവിന്റെ ജന്മദിനം ആഘോഷിക്കുന്നു. നമ്മുടെ രാഷ്ട്രത്തിന്റെ സ്വാതന്ത്ര്യത്തിനു പിന്നിൽ പ്രവർത്തിച്ച പ്രധാന വ്യക്തിത്വങ്ങളിലൊരാളാണ് ഗാന്ധിജി. തന്റെ ജീവിതത്തിൽ അദ്ദേഹം അടിയുറച്ച് വിശ്വസിച്ച തത്വസംഹിതകളാണ് സ്വാതന്ത്ര്യലബ്ധിയെ ഒരു യാഥാർത്ഥ്യമാക്കി മാറ്റാൻ അദ്ദേഹത്തിന് ബലമേകിയത്.

അഹിംസ, സത്യം തുടങ്ങിയ മൂല്യങ്ങൾ ആശയതലങ്ങളിൽ നിന്നും അതിശയാവഹമായതരത്തിൽ പ്രായോഗിക തലങ്ങളിലേക്ക് ഇറക്കാൻ സാധിക്കുമെന്ന് ആധുനിക ലോകത്തിന് തെളിയിച്ചുകൊടുത്തയാളാണ് അദ്ദേഹം. പ്രത്യക്ഷത്തിൽ മൂല്യങ്ങളെ എല്ലാവരും വിലമതിക്കുമെങ്കിലും പ്രാവർത്തികമാകും എന്ന് ഉറപ്പില്ലാത്തവരാണ് അധികവും. അവിടെയാണ് ഗാന്ധിജി വ്യത്യസ്തനാകുന്നത്.

എന്റെ ജീവിതമാണ് എന്റെ സന്ദേശം എന്ന് നിസംശയം പറയാൻ സാധിക്കുകയും ആത്മാർത്ഥതയുടെ പരീക്ഷയിൽ നൂറുശതമാനം വിജയം നേടുകയും ചെയ്യുകയും ചെയ്ത ഒരാളാണ് നമ്മുടെ രാഷ്ട്രപിതാവെന്നതിൽ നമുക്ക് അഭിമാനിക്കാം. അതേസമയം അദ്ദേഹം ഓരോ ഭാരതീയനും നല്കുന്ന ദൗത്യവും അതുതന്നെയാണ്. ആത്മാർത്ഥതയോടെ ഭാരതത്തിനുവേണ്ടി നിലകൊള്ളുക, സ്വാതന്ത്ര്യത്തിന്റെ പൂർണ്ണമായ പ്രകാശനത്തിലേക്ക് ഇന്ത്യയെ നയിക്കുക എന്നതാണ് ഓരോ ഭാരതീയന്റെയും കടമ.

നമ്മുടെ രാഷ്ട്രപിതാവിനോട് നീതി പുലർത്തിക്കൊണ്ട് സ്വതന്ത്ര ഇന്ത്യയ്ക്കുവേണ്ടി പ്രവർത്തിക്കാൻ നമുക്കേവർക്കും സാധിക്കട്ടെ.

**ഫാ. സിജോ ചെറുവത്തൂർ**
എഡിറ്റർ

## അഭിനന്ദനങ്ങൾ

ആരോഗ്യ സർവ്വകലാശാലയുടെ കീഴിൽ BSc. നഴ്സിംഗ് പരീക്ഷയിൽ യൂണിവേഴ്സിറ്റി തലത്തിൽ ഉന്നതവിജയം കരസ്ഥമാക്കിയ വിദ്യാർത്ഥികൾ.

### 1st Year BSc. Nursing



2-ാം റാങ്ക്
**അനു തങ്കച്ചൻ**



10-ാം റാങ്ക്
**ആൻ റിനി ഫ്രാൻസിസ്**

### IInd Year BSc. Nursing



17-ാം റാങ്ക്
**അശ്വതി മോഹൻ**

### IIIrd Year BSc. Nursing



13-ാം റാങ്ക്
**ഷിംസി സൈമൺ**



സി.എം.എ.ഐ-യുടെ ഡിപ്ലോമ ഇൻ അനസ്തേഷ്യ ടെക്നോളജി വാർഷിക പരീക്ഷയിൽ അഖിലേന്ത്യ തലത്തിൽ രണ്ടാം റാങ്ക് നേടിയ **എവിഷ ആന്റണി**ക്ക് അഭിനന്ദനങ്ങൾ.





**എ**ല്ലാവരും ഹൃദയത്തെ കുറിച്ച് ചിന്തിക്കുമ്പോൾ നമ്മുടെ ഹൃദയത്തെ വളരെയധികം വേദനിപ്പിക്കുന്ന ഒരു രോഗാവസ്ഥയാണ് ഇപ്രാവശ്യം നമ്മൾ ചർച്ച ചെയ്യുന്നത്. അത് മറ്റൊന്നുമല്ല ദൈനംദിന ജീവിതത്തിൽ നമ്മെ അലട്ടിക്കൊണ്ടരിക്കുന്ന മുടികൊഴിച്ചിൽ. ബൈബിൾ പറയുന്നു, "ദൈവമറിയാതെ ഒരു തലമുടിയിഴനാരുപോലും കൊഴിയപ്പെടുന്നില്ല" എന്ന്. അതിനാൽ തന്നെ തലമുടി കൊഴിയുന്നു എന്നുള്ളത് നമുക്ക് നിസ്സാരമായി തള്ളിക്കളയാനാവില്ല. ഇത് പല ആരോഗ്യ പ്രശ്നങ്ങളുടേയും പ്രതിഫല നമാണ്. അതിനാൽ തലമുടി കൊഴിച്ചിലിനെ വളരെ ഗൗരവത്തോട് കൂടി സമീപിക്കേണ്ടതാണ്.

പലരുടേയും ധാരണ ഏതെങ്കിലും എണ്ണ ഉപയോഗിച്ചാൽ മതിയെന്നാണ്. ഇത് എല്ലായ്പ്പോഴും ശരിയാകണമെന്നില്ല. കാരണം ശിരസ്സിൽ എണ്ണകൾ ഉപയോഗിക്കുന്നത് പലപ്പോഴും മുടികൊഴിച്ചിൽ വർദ്ധിപ്പിച്ചതായി കണ്ടിട്ടുണ്ട്. അതിനാൽ കാരണങ്ങൾക്കനുസരിച്ചുള്ള ചികിത്സയാണ് അവശ്യം. ഫംഗസ് അണുബാധ മുതൽ വാർദ്ധക്യം വരെ മുടികൊഴിച്ചിലിന് കാരണമാകുന്നുണ്ട്. കുട്ടികളിൽ കൂടുതലായി കാണപ്പെടുന്ന മുടികൊഴിച്ചിൽ ഫംഗസ് അണുബാധയുമായി ബന്ധപ്പെട്ടതാണ്. കൗമാരത്തിൽ പെൺകുട്ടികളിൽ കാണപ്പെടുന്ന മുടി കൊഴിച്ചിൽ രക്തക്കുറവുമായി ബന്ധപ്പെട്ടതാണ്. ആൺകുട്ടികളിൽ കാണുന്ന പ്രത്യേകതരം മുടികൊഴിച്ചിൽ ഉണ്ട്. അത് അവരുടെ ഹോർമോൺ പ്രവർത്തനവുമായി ബന്ധപ്പെട്ടതാണ്. കൂടുതലായി എരിവും പുളിയും ഉപയോഗിക്കുക, ചിക്കൻ, മുട്ട, ബേക്കറി പലഹാരങ്ങൾ എന്നിവ അമിതമായി ഉപയോഗിക്കുന്നത് ആൺകുട്ടികളിലും പെൺകുട്ടികളിലും ഹോർമോൺ തകരാറുകൾ ഉണ്ടാക്കുകയും മുടികൊഴിച്ചിലിന് കാരണമാവുകയും ചെയ്യും. സമയത്തിന് ഭക്ഷണം കഴിക്കാതിരിക്കുകയും ചായ മുതലായവ അമിതമായി കുടിക്കുകയും ചെയ്യുന്നത് അസിഡിറ്റി പോലുള്ള ഉദരരോഗങ്ങൾ ഉണ്ടാക്കുകയും മുടികൊഴിച്ചിൽ വർദ്ധിപ്പിക്കുകയും ചെയ്യും. ഈ കാരണങ്ങൾ ഒക്കെ തന്നെയാണ് അകാല നരയ്ക്ക് കാരണമായിതീരുന്നത്. പ്രസവശേഷം സ്ത്രീകളിൽ ഹോർമോൺ വ്യതിയാനങ്ങൾ മുടികൊഴിയുന്നതിന് കാരണമായി തീരുന്നുണ്ട്. ശരീരത്തിലെ രോഗപ്രതിരോധശക്തി നശിക്കുന്നത് തലയുടെ ചില പ്രത്യേക ഭാഗങ്ങളിൽ മുടികൊഴിയുന്നതിന് കാരണം ആകുന്നുണ്ട്. ദഹനപ്രശ്നങ്ങൾ ഉള്ളവരിൽ ശരീരത്തിൽ ഒരു നീർക്കെട്ട് ഉണ്ടാവുകയും അത് മുടികൊഴിച്ചിലിന് ആക്കം കൂട്ടുകയും ചെയ്യുന്നു. ഈ അവസരങ്ങളിൽ മുടിയിൽ എണ്ണ വയ്ക്കുന്നത് മുടികൊഴിച്ചിൽ വർദ്ധിപ്പിക്കും. ഭക്ഷണം ശരിയായ അളവിൽ കഴിക്കാതിരുന്നലും മുടിയ്ക്ക് വേണ്ടത്ര പ്രോട്ടീനും മറ്റ് പോഷകങ്ങളും ലഭിക്കാത്തതിനാൽ അത് മുടിയുടെ വളർച്ചയെ പ്രതികൂലമായി ബാധിക്കും.

താരൻ മുടികൊഴിച്ചിലിന് കാരണം ആകുന്നുണ്ടെന്ന് നമുക്കറിയാം. ആയുർവ്വേദത്തിൽ ഈ രോഗത്തിന് ഒരുപാട് മരുന്നുകൾ പറയുന്നുണ്ട്. പലപ്പോഴും തലയിൽ ഉപയോഗിക്കുന്ന മരുന്നുകളേക്കാൾ ആവശ്യം അകത്തേയ്ക്ക് കഴിക്കുന്ന മരുന്നുകളാണ്. ദഹനം വർദ്ധിക്കാൻ, അസിഡിറ്റി മാറ്റാൻ, ശരിയായ പോഷണം ലഭിക്കാൻ രസായനം പോലുള്ളവ, താരൻ മാറാനുള്ളത് ഇത്തരത്തിൽ അകത്തേയ്ക്കുള്ള മരുന്നുകളും വിവിധങ്ങളായ എണ്ണകളും ഉണ്ട്. അതിനാൽ ശരിയായ വൈദ്യനിർദ്ദേശം അനുസരിച്ച് മാത്രമേ തലമുടി കൊഴിച്ചിലിനുള്ള ചികിത്സ ചെയ്യാവൂ.


**ഡോ. അനുമോദ് കാക്കശ്ശേരി**
*(എം. ഡി. ആയുർവ്വേദം)*
സീനിയർ കൺസൾട്ടന്റ്, ജൂബിലി ആയുർവ്വേദ


**WELCOME TO JUBILEE FAMILY**

| | Name | Department |
|---|---|---|
| 1 | DR AKHIL BABU C S | Anesthesia |
| 2 | DR DIVIN MATHEW | Ayurveda |
| 3 | SHEEMA ANTONY | Ayurveda |
| 4 | SHINO JOHN | Electrical & Maintenance Department |
| 5 | JINSON C J | Electronic Data Processing |
| 6 | DR HIJAZ P T | Medicine |
| 7 | SOYAMOL C ELDHOSE | Nursing |
| 8 | JINCY THOMAS P | Nursing |
| 9 | MARIYA JOSE | Nursing |
| 10 | GREENU THOMAS K | Nursing School |
| 11 | RAHUL S | Operation Theatre |
| 12 | DR ANIL GEORGE PAUL | Orthopedics |
| 13 | DR VINEETH M B | Orthopedics |
| 14 | HIMA RAPHAEL | Patient Relation Office |
| 15 | SIMMY ROSE BABU | Patient Relation Office |
| 16 | SONA VARGHESE | Pharmacy |
| 17 | DR GANESH MOHAN | Transfusion Medicine |






## ജൂബിലി മിഷൻ ആശുപത്രിയിൽ വയോജനദിനം ആചരിച്ചു



**ലോ**കവയോജനദിനത്തോടനുബന്ധിച്ച് ഓക്ടോബർ 1, ശനിയാഴ്ച്ച, ജൂബിലി മിഷൻ ആശുപത്രിയിൽ വയോജന ദിനാഘോഷവും, വയോജനങ്ങൾക്കായി സൗജന്യ വൈദ്യപരിശോധനയും നടത്തി. പരിപാടിയുടെ ഉദ്ഘാടനം പ്രമുഖ നാടകകൃത്തും രചയിതാവുമായ ശ്രീ. സി. എൽ. ജോസ് നിർവ്വഹിച്ചു. ജെറിയാട്രീഷ്യൻ ഡോ. സ്റ്റീവ് പോൾ, വയോജനദിന സന്ദേശം നൽകി. നൂറ്റമ്പതോളം പേർ പങ്കെടുത്ത ചടങ്ങിൽ, വയോജനങ്ങൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളും, അതിനു വേണ്ട മുൻകരുതലുകളെകുറിച്ചും ചർച്ച ചെയ്തു. വയോജനദിനത്തോടനുബന്ധിച്ച് ചിറ്റിലപ്പിള്ളിയിലെ വൃദ്ധ സദനമായ ശാന്തിമന്ദിരത്തിലെ അന്തേവാസികൾക്ക് സെപ്റ്റംബർ 27-ാം തിയ്യതി സൗജന്യ വൈദ്യപരിശോധനയും നടത്തി.

## മലയാളിയുടെ കൊലയാളി ആര്?

**ഭാ**വിയിൽ മലയാളികളുടെ അന്തകൻ ഹൃദയസംബന്ധമായ അസുഖങ്ങളായിരിക്കും എന്നുള്ള വസ്തുത വിളിച്ചോതുന്ന ഫ്ളാഷ് മോബും തെരുവുനാടകവും യുവഡോക്ടർമാരും ജൂബിലി മിഷനിലെ സ്റ്റാഫും ലോക ഹൃദയദിനത്തോടനുബന്ധിച്ച് അവതരിപ്പിച്ചത് ജനശ്രദ്ധ ആകർഷിച്ചു.

ജൂബിലി മിഷൻ മെഡിക്കൽ കോളേജിലെ ഡാൻസ് ക്ലബ്ബായ ക്രോണോസ് നേതൃത്വം നൽകിയ ഫ്ളാഷ് മോബിൽ മെഡിക്കൽ വിദ്യാർത്ഥികളും, നേഴ്സിങ്ങ് സ്റ്റാഫും ഉൾപ്പെടെ നൂറ്റമ്പതോളം പേരാണ് എൺപത് ശതമാനം ഹൃദയരോഗങ്ങളെ ചിട്ടയായ ജീവിതചര്യയും വ്യായാമവും കൊണ്ട് തടയാൻ സാധിക്കുമെന്ന സന്ദേശം പങ്കുവെയ്ക്കുന്നതിന് അണിനിരന്നത്. മെഡിക്കൽ കോളേജ് വിദ്യാർത്ഥികളുടെ ചാരിറ്റബിൾ സംഘടനയായ ആശ്രയ-യുടെ നേതൃത്വത്തിൽ ഹൃദയരോഗങ്ങളെക്കുറിച്ച്, അവ ജീവിതത്തിൽ വരുത്തുന്ന വിപത്തുകളെ ചൂണ്ടിക്കാട്ടി തെരുവ് നാടകവും അവതരിപ്പിച്ചു.




ആരോഗ്യമുള്ള പുതിയ ഹൃദയങ്ങളെയും പുതിയ തലമുറയെയും വാർത്തെടുക്കേണ്ടത് സമൂഹത്തിന്റെ തന്നെ ആവശ്യമാണെന്ന് മനസ്സിലാക്കേണ്ട കാലം കടന്നുപോയ്ക്കൊണ്ടിരിക്കുകയാണ്.




**ലോക ഹൃദയദിനത്തോടനുബന്ധിച്ച് നടത്തിയ സെൽഫി മത്സരത്തിൽ വിജയിച്ച ഡോ. ജോഫ്രി ജോജുവിന് സമ്മാനം നല്കുന്നു.**



**തൃശൂർ ടൗൺ ഈസ്റ്റ് പോലീസ് സ്റ്റേഷനിലെ പരിശോധന**

## അഭിനന്ദനങ്ങൾ



മണിപ്പാലിലെ കസ്തൂർബ മെഡിക്കൽ കോളേജിൽ ട്രാൻസ്ഫ്യൂഷ്യൻ മെഡിസിനിലെ പോസ്റ്റ് ഗ്രാജ്വേറ്റ് വിദ്യാർത്ഥികൾക്കായി നടത്തിയ ക്വിസ് മത്സരത്തിൽ ജൂബിലിയിലെ ട്രാൻസ്ഫ്യൂഷ്യൻ മെഡിസിൻ വിദ്യാർത്ഥിനി **ഡോ. സനൂജ പിങ്കി** ഒന്നാം സ്ഥാനം നേടി.




**MBBS 14-ാം ബാച്ച് ഉദ്ഘാടനം**

**Editorial Board** : Fr. Sijo Cheruvathoor | Fr. Tijo Joy | Dr. Benny Joseph | Dr. Aswath | Mr. Baby | Mr. Devassy | Mr. Vinu | Mr. Noble | Mr. Anto Twinkle | Ms. Suma Paul
Ms. Deepa Tom | Ms. Ricy P. J. | Ms. Raki K. V. | Ms. Jilta | Ms. Nicy Antony | Ms. Chippy | Ms. Greeshma | Ms. Minty